MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.Cl/85/Law, dated 17th April 1985
NAAC GRADE A++

വാർത്താക്കുറിപ്പ്

2026 സെപ്റ്റംബർ 11

## കരാർ നിയമനം

മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ റിസർച്ച് അസോസിയേറ്റ് തസ്തികയിലേക്ക് (ഇ/ബി/ടി റിസർവേഷൻ) താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്കാണ് നിയമനമെങ്കിലും പരമാവധി മൂന്ന് വർഷം വരെ നീട്ടിയേക്കാം. പ്രതിമാസം 60,000 രൂപയാണ് പ്രതിഫലം. പ്രായപരിധി 50 വയസ്സ്. കെമിസ്ട്രി/പോളിമർ സയൻസിൽ എം.എസ്സിയും, പോളിമർ സയൻസ്/നാനോടെക്നോളജി/എനർജി മെറ്റീരിയൽസിൽ പിഎച്ച്.ഡിയും, ഉന്നത നിലവാരമുള്ള ഗവേഷണ പ്രസിദ്ധീകരണങ്ങളുമുള്ളവർക്ക് അപേക്ഷിക്കാം. അന്താരാഷ്ട്ര ലാബുകളിലെ പോസ്റ്റ് ഡോക്ടറൽ പ്രവൃത്തിപരിചയം ഉള്ളവർക്ക് മുൻഗണന.

താത്പര്യമുള്ളവർ വിജ്ഞാപനത്തോടൊപ്പമുള്ള പ്രൊഫോർമ പൂരിപ്പിച്ച്, ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളുടെയും പകർപ്പുകൾ സഹിതം ada5@mgu.ac.in  എന്ന ഇമെയിലിൽ അപേക്ഷിക്കുക. സെപ്റ്റംബർ 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: mgu.ac.in.

പി.ആർ.ഒ/821/2026

## കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഡിപ്ലോമ

മഹാത്മാഗാന്ധി സർവകലാശാലയുടെ ഇൻറർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് (ഐ.യു.സി.ഡി.എസ്.) നടത്തുന്ന കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പി ഡിപ്ലോമ കോഴ്സിന്റെ അടുത്ത ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു.

പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ് ടു ആണ് അടിസ്ഥാന യോഗ്യത. പ്രായപരിധിയില്ല. ഓൺലൈനിലും ഓഫ്ലൈനിലുമായാണ് ക്ലാസുകൾ നടത്തുക. വിവിധ കേന്ദ്രങ്ങളിൽ പ്രായോഗിക പരിശീലനവും നൽകും. ആറുമാസമാണ് കോഴ്സിന്റെ ദൈർഘ്യം. പരീക്ഷാ ഫീസ് ഉൾപ്പെടെ കോഴ്സിന്റെ മൊത്തം ഫീസ് 10,000 രൂപയാണ്.

താൽപര്യമുള്ളവർ ഇ-മെയിൽ വഴി രജിസ്റ്റർ ചെയ്യണം. സെപ്റ്റംബർ 25ന് ക്ലാസുകൾ ആരംഭിക്കും. ഇ-മെയിൽ: iucdsmgu@mgu.ac.in. കൂടുതൽ വിവരങ്ങൾക്ക്: 8547165178

പി.ആർ.ഒ/822/2026

ഫാഷൻ ഡിസൈനിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവകലാശാലയുടെ ഇൻറർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ (ഐ.യു.സി.ഡി.എസ്) ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് ആൻഡ് ബ്യൂട്ടീഷ്യൻ കോഴ്സിന്റെ അടുത്ത ബാച്ചിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

ഗാർമെന്റ്സ് ഇൻഡസ്ട്രിയിൽ ജോലി ലഭിക്കുന്നതിന് സഹായകരമായ രീതിയിലാണ് കോഴ്സ് നടത്തുന്നത്. ഇൻഡസ്ട്രിയൽ ട്രെയിനിംഗും പ്ലേസ്മെന്റ് സഹായവും ലഭിക്കും. സർവകലാശാലാ ക്യാമ്പസിലാണ് ഓഫ്ലൈൻ ക്ലാസുകൾ നടക്കുക. സെപ്റ്റംബർ 16ന് ക്ലാസുകൾ ആരംഭിക്കും. പ്രായപരിധിയില്ല. ഫോൺ: 9496414917, 8891391580. ഇ-മെയിൽ: iucdsmgu@mgu.ac.in

പി.ആർ.ഒ/823/2026

സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജിയിൽ 2026-27 അധ്യയന വർഷത്തെ എം.എസ്.സി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 14-ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി രാവിലെ 11:00-ന് കൺവർജൻസ് അക്കാഡമിയ കോംപ്ലക്സിലെ റൂം നമ്പർ 302-ൽ നേരിട്ട് ഹാജരാകണം.

പി.ആർ.ഒ/824/2026

പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ എട്ടാം സെമസ്റ്റർ എൽഎൽബി പരീക്ഷകൾ ഒക്ടോബർ 1 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

പി.ആർ.ഒ/825/2026

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ബിഎ, ബിഎസ്.സി, ബികോം, ബിഎഫ്എ റഗുലർ (ആനുവൽ സ്കീം 2008 വരെ അഡ്മിഷനുകൾ) ബിഎ, ബികോം (പ്രൈവറ്റ് രജിസ്ട്രേഷൻ 2013 വരെ അഡ്മിഷനുകൾ) അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷകൾക്ക് ഒക്ടോബർ 26 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 27 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 28 വരെയും അപേക്ഷ സ്വീകരിക്കും.

പി.ആർ.ഒ/826/2026

പബ്ലിക് റിലേഷൻസ് ഓഫീസർ